"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് - മേറ്റ് (മൈൻസ്) തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട എം.എൽ.ശ്രീകുമാരൻ തമ്പിയുടെ മകൻ ശ്രീ.സായി ശംഭു സ്വാമി.എസ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജൂനിയർ വർക്കർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.50/2025/ID തീയതി, തിരുവനന്തപുരം, 24-06-2025

---

പരാമർശം:-

1. സ.ഉ.(പി) നം.32/2007/പ്ലാനിംഗ് തീയതി 07/06/2007.
2. സ.ഉ.(പി) നം.28/2010/പ്ലാനിംഗ് തീയതി 05/06/2010.
3. സ.ഉ.(പി) നം.18/2018/പ്ലാനിംഗ് തീയതി 22/11/2018.
4. സ.ഉ.(പി) നം.17/2023/പ്ലാനിംഗ് തീയതി 26/08/2023.
5. ശ്രീ.സായി ശംഭു സ്വാമി.എസ്-ന്റെ 14/11/2024-ലെ അപേക്ഷ.
6. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്-ന്റെ മാനേജിംഗ് ഡയറക്ടറുടെ 17/3/2025-ലെ MS/PD/DR-4/25/1045 നമ്പർ കത്ത്.
7. കൊല്ലം ജില്ലാ കളക്ടറുടെ 24/5/2025-ലെ DCKLM/4006/2025-S4 നം. കത്ത്.

**<u>ഉത്തരവ്</u>**

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ)-ന്റെ മിനറൽ സെപ്പറേഷൻ യൂണിറ്റിലെ മേറ്റ് (മൈൻസ്) തസ്തികയിൽ സേവനത്തിലിരിക്കെ 3/7/2024-ന് മരണപ്പെട്ട എം.എൽ.ശ്രീകുമാരൻ തമ്പി-യുടെ മകൻ ശ്രീ.സായി ശംഭു സ്വാമി.എസ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കമ്പനിയിൽ ജൂനിയർ വർക്കർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും 05/02/2025-ന് ചേർന്ന കമ്പനി ബോർഡ് യോഗം ശിപാർശ ചെയ്ത പ്രകാരം കമ്പനി മാനേജിംഗ് ഡയറക്ടർ പരാമർശം (6) പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

2) ശ്രീ.സായി ശംഭുസ്വാമി.എസ് (ചെറുശ്ശേരി, ഡീസന്റ് ജംഗ്ഷൻ, മുഖത്തല പി.ഒ., കൊല്ലം-691577)-ന്റെ ജനനത്തീയതി 6/4/1995-ഉം നിലവിൽ 30 വയസ്സ് പ്രായവുമുണ്ട്. ടിയാൾ അവിവാഹിതനും ബിരുദധാരിയുമാണ്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ₹1,39,248/- ആണ്. ശ്രീ.സായ് ശംഭു സ്വാമി-യ്ക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നൽകുന്നത് പരിഗണിക്കണമെന്ന് പരാമർശം (7) പ്രകാരം കൊല്ലം ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. പരാമർശം (4)-ലെ സർക്കാർ ഉത്തരവ് അനുസരിച്ചുള്ള സമ്മതപത്രം ശ്രീ.സായി ശംഭുസ്വാമി പരാമർശം (5) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) മുതൽ (4) വരെയുള്ള

ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുമ്പോൾ പാലിക്കേണ്ട നിബന്ധനകളും നിലവിലെ ഒഴിവുകളും പരിശോധിച്ച് മാത്രം കമ്പനി നിയമന ഉത്തരവ് നൽകേണ്ടതാണെന്ന വ്യവസ്ഥയോടെ ശ്രീ.സായി ശംഭു സ്വാമി.എസ്-ന് കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്-ൽ ജൂനിയർ വർക്കർ തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) ശ്രീ.സായി ശംഭു സ്വാമി.എസ്-ന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, ഫിസിക്കൽ ഫിറ്റ്നസ് തുടങ്ങിയ വിവരങ്ങളും ടിയാൾ ഹാജരാക്കുന്ന രേഖകളുടെ ആധികാരികതയും പരിശോധിച്ച് ഉറപ്പ് വരുത്തിയശേഷം കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്-ന്റെ മാനേജിംഗ് ഡയറക്ടർ നിയമന ഉത്തരവ് നൽകേണ്ടതാണ്.

5) പരാമർശം (1)-ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം മരണമടഞ്ഞ ജീവനക്കാരന്റെ സർവ്വീസ് ബുക്കിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നതിന് കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്-ന്റെ മാനേജിംഗ് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ചപ്പോൾ വസ്തുതകൾ മറച്ചുവച്ചതായോ തെറ്റായ വിവരങ്ങൾ നല്കിയിട്ടുള്ളതായോ എപ്പോഴെങ്കിലും വെളിവാകുന്ന പക്ഷം ഈ ഉത്തരവ് റദ്ദ് ചെയ്യുന്നതാണ്.

6) അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള സംരക്ഷണ മൊഴി പ്രകാരം ടിയാന്റെ മാതാവായ ശ്രീമതി.രാജലക്ഷ്മി.പി-യെ ജീവിത കാലം മുഴുവൻ സംരക്ഷിച്ചു കൊള്ളേണ്ടതും, സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം ടിയാന്റെ ശമ്പളത്തിൽ നിന്നും 25% തുക ഈടാക്കി ആയത് ആശ്രിതയായ ശ്രീമതി.രാജലക്ഷ്മി.പി-യ്ക്ക് നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം എ റജീന ബീഗം

അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്,
ചവറ, കൊല്ലം.

ശ്രീ.സായി ശംഭു സ്വാമി.എസ്, ചെറുശ്ശേരി, ഡീസന്റ് ജംഗ്ഷൻ,
മുഖത്തല പി.ഒ., കൊല്ലം-691577. (രജിസ്റ്റേർഡ് പോസ്റ്റിൽ)

ശ്രീമതി. രാജലക്ഷ്മി.പി, ചെറുശ്ശേരി, ഡീസന്റ് ജംഗ്ഷൻ,
മുഖത്തല പി.ഒ., കൊല്ലം-691577. (രജിസ്റ്റേർഡ് പോസ്റ്റിൽ)

ജില്ലാ കളക്ടർ, കൊല്ലം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള , തിരുവനന്തപുരം

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
(Vide U.O(f) No. PLGEA-BPE1/70/2025-PLGEA dated 12/06/2025)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signed by
Rajimon. M
Date: 24-06-2025 17:00:37

സെക്ഷൻ ഓഫീസർ.